ആലുവയിൽ ആദായനികുതി ഉദ്യോഗസ്ഥർ ചമഞ്ഞ് വീട്ടിൽ നിന്ന് സ്വർണ്ണവും പണവും കവർന്ന കേസിൽ ഒന്നാം പ്രതിയും മുഖ്യസൂത്രധാരനും ആയ ആൾ പിടിയിയിൽ. കണ്ണൂർ ശങ്കരനല്ലൂർ നെഹാല മഹൽ ഹാരിസ് (52) നെയാണ് ജില്ലാ പോലീസ് മേധാവി വിവേക് കുമാറിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘം പിടികൂടിയത്. മൂന്ന് മാസമാസത്തോളമായി ഇയാൾ ഡൽഹി, ബോംബെ, ചെന്നൈ, മഹാരാഷ്ട്ര എന്നിവടങ്ങളിലായി ഒളിവിൽ കഴിഞ്ഞു വരികയായിരുന്നു. പിന്നീട് കണ്ണൂരെത്തിയ ഹാരിസിനെ ഇവടെ നിന്നുമാണ് പിടികൂടിയത്.